ഡോ. തോമസ് ഐസക്ക്: ഈ പറയുന്ന സാങ്കേതിക നഷ്ടത്തിൽ 35 കോടി രൂപ പലിശയും വേറെയൊരു 30 കോടി രൂപ ഡിപ്രീസിയേഷനുമാണ്. അതുപോലെ ബഡ്ജറ്ററി സപ്പോർട്ട് തുടർന്ന് നൽകണം എന്നല്ല തൊഴിലാളികൾ ആവശ്യപ്പെട്ടിട്ടുള്ളത്. അവിടുത്തെ പ്രൊഡക്ഷൻ പ്രോസസ്സിൽ പണച്ചെലവില്ലാതെ നടത്താൻ പറ്റുന്ന ടെക്നിക്കൽ ചെയ്ഞ്ചസ് വളരെ ഡീറ്റെയിൽഡായി നൽകിയിട്ടുണ്ട്. മൂന്ന് വർഷം കൊണ്ട് സർക്കാർ സോഫ്റ്റ് ലോൺ ആവശ്യപ്പെടുന്നത് മൂന്നരക്കോടി രൂപയാണ്. ഇതു പരിശോധിക്കുന്നതിന് ഒരു കോൺഫറൻസ് വിളിക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വച്ച് പറയാൻ തയ്യാറാകുമോ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കമ്പനി അങ്ങനെയാണെങ്കിലും അവിടെയുള്ള ട്രേഡ് യൂണിയൻ നേതാക്കളൊക്കെ വലിയവരാണ്. അതുകൊണ്ട് നമുക്ക് കോൺഫറൻസ് വിളിക്കാം. എന്തെങ്കിലും അൽഭുതം സംഭവിക്കുമോ എന്നു നോക്കാം. ഈ ആഴ്ച തന്നെ കോൺഫറൻസ് വിളിക്കാം.

(2) ഉന്നത വിദ്യാഭ്യാസത്തിനുള്ള ബാങ്ക് വായ്പകൾ

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിൽ വിദ്യാഭ്യാസം ചെയ്തു കൊണ്ടിരിക്കുന്ന പതിനായിരക്കണക്കിന് കുട്ടികളെ സാമ്പത്തികമായി സഹായിക്കുന്നതിന് ബാങ്ക് ലോൺ ത്വരിതപ്പെടുത്തി കൊടുക്കുന്നതിന് സർക്കാർ ശക്തമായ നടപടി സ്വീകരിക്കണം. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ബാങ്ക് മാനേജർമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗം വിളിച്ചുചേർത്ത് പാവപ്പെട്ടവരും നിർദ്ധനരുമായ കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യുന്നതിനുള്ള ലോൺ ലഭ്യമാക്കണം എന്നുള്ളതാണ് എനിക്ക് മുന്നോട്ടു വയ്ക്കാനുള്ളത്. 2003-ലെ കണക്കനുസരിച്ച് കേരളത്തിൽ കൊമേഴ്സ്യൽ ബാങ്കുകളുടെ 3439 ബ്രാഞ്ചുകൾ ഉണ്ട്. ഇൻഡ്യയിലെ മൊത്തം ബ്രാഞ്ചുകളുടെ 5.1 ശതമാനം കേരളത്തിലുണ്ട്. ഏകദേശം 10,000 ആളുകൾക്ക് ഒരു ബാങ്ക് വച്ച് കേരളത്തിലുണ്ട്. 2003-ലെ സി.ഡി. റേഷ്യോ അനുസരിച്ച് ഡിപ്പോസിറ്റ് 65,961 കോടി രൂപയും ക്രെഡിറ്റ് 27,007 കോടി രൂപയുമാണ്. പാവപ്പെട്ടവർക്ക് എഡ്യൂക്കേഷണൽ ലോൺ കൊടുക്കണമെന്ന് റിസർവ്വ് ബാങ്കിന്റേയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടേയും ശക്തമായ നിർദ്ദേശങ്ങൾ ഉള്ളതാണ്. 4 ലക്ഷം രൂപ വരെ ഒരു സെക്യൂരിറ്റിയും വാങ്ങാതെ ലോൺ കൊടുക്കണം എന്നാണ് നിബന്ധനയുള്ളത്. ഇൻഡ്യയ്ക്ക് അകത്തും പുറത്തും പഠിക്കാനുള്ള സഹായം കൊടുക്കണമെന്ന് വ്യക്തമായി ആർ.ബി.ഐ.-യും ഗവൺമെന്റ് ഓഫ് ഇൻഡ്യയും നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ന് ബാങ്കിനെ സമീപിക്കുന്ന രക്ഷകർത്താക്കളും കുട്ടികളും വളരെ നിരാശരാണ്. കാരണം ഈടു കൊടുത്തെങ്കിൽ മാത്രമേ അല്ലെങ്കിൽ സാലറി സർട്ടിഫിക്കറ്റ് കൊടുത്തെങ്കിൽ മാത്രമേ ലോൺ കൊടുക്കുന്ന സാഹചര്യമുള്ളൂ. അതും ഒന്നോ രണ്ടോ എണ്ണം പേരിനു മാത്രം കൊടുത്തിട്ട് ഞങ്ങളുടെ കാര്യം കഴിഞ്ഞു എന്ന മറുപടിയാണ് ബാങ്കുകൾ പറയുന്നത്. മാത്രമല്ല, മാസങ്ങളോളം ബാങ്കുകളുടെ പിന്നാലെ നടന്ന് നിരാശരായി പഠനം നിർത്തേണ്ടിവന്ന ധാരാളം കുട്ടികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റ് തുറന്നുകൊടുത്ത ഉന്നത വിദ്യാഭ്യാസ രംഗത്തെ ഉന്നതമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കേരളത്തിലെ സാധാരണക്കാരായ കുട്ടികൾക്കുകൂടി അവസരമുണ്ടാക്കാൻ റിസർവ്വ് ബാങ്കിന്റേയും ഗവൺമെന്റ് ഓഫ് ഇൻഡ്യയുടേയും ശക്തമായ നിർദ്ദേശമനുസരിച്ച് ബാങ്ക് ലോൺ പാവപ്പെട്ടവർക്ക് സമയബന്ധിതമായി കിട്ടാനുള്ള അതിശക്തമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ പാവപ്പെട്ടവരും സാധാരണക്കാരുമായ കേരളത്തിലെ വിദ്യാർത്ഥികൾ വളരെയേറെ കഷ്ടപ്പെടും. കേരളത്തിലെ മറ്റു ചില ബാങ്കുകൾ പറയുന്നത് ഫീസ് അടച്ചിട്ടു വരിക, അടച്ച ഫീസ് തരാം. ബുക്കും മറ്റ് ഉപകരണങ്ങളും വാങ്ങിയിട്ട് വരിക, അതിനുള്ള പണം തരാം; ഹോസ്റ്റൽ ഫീസ് അടച്ചിട്ടുവരിക, അതിനുള്ള പണം തരാം എന്നൊക്കെയാണ്. അതിനുള്ള പണമുണ്ടെങ്കിൽ ഇവരെ സമീപിക്കേണ്ട കാര്യമില്ലല്ലോ സർ. റിസർവ്വ് ബാങ്ക് നൽകിയിരിക്കുന്ന നിർദ്ദേശം കർക്കശമായി പാലിക്കപ്പെടാൻ നടപടി സ്വീകരിക്കണം. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് ജില്ലാ കളക്ടർമാർക്ക് കർശനമായ നിർദ്ദേശം കൊടുക്കുകയും ലോൺ മേളകൾ സംഘടിപ്പിക്കുകയും ചെയ്യണം. ഓരോ ബാങ്കിലും കഴിയുന്നത്ര ലോൺ മേളകൾ സംഘടിപ്പിക്കാൻ കഴിയണം. 6,596-ൽപ്പരം കോടി രൂപ കേരളത്തിൽ ഡെപ്പോസിറ്റ് ഉണ്ട്, ഇതിൽ ഏകദേശം 31,867 കോടി രൂപ ബാങ്കുകളിൽ വെറുതെ കിടക്കുന്നുണ്ട്. ആ പണം പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കാൻ വേണ്ടി എത്ര വലിയ പ്രവർത്തനം നടത്തിയാലും അത് വലിയൊരു പുണ്യകാര്യം ആയിരിക്കും. പാവപ്പെട്ട എത്രയോ കുട്ടികളാണ് നഴ്സിംഗിനും അതുപോലെ മറ്റ് കോഴ്സുകൾക്കും ചേരാൻ ലോൺ കിട്ടാൻ വേണ്ടി കാത്തിരിക്കുന്നത്. ഹോസ്റ്റൽ ഫീസ്, ബുക്കും മറ്റ് പഠന ഉപകരണങ്ങളും വാങ്ങുന്നതിന് കോഷൻ ഡെപ്പോസിറ്റ്, ബിൽഡിംഗ് ഫണ്ട്, റീഫണ്ടബിൾ ഡെപ്പോസിറ്റ്, യാത്രാച്ചെലവ്, കംപ്യൂട്ടർ വാങ്ങാൻ, സ്റ്റഡി ടൂർ നടത്താൻ, ഇൻഷുറൻസ് പ്രീമിയം അടയ്ക്കാൻ ഒക്കെ 16 മുതൽ 40 വയസ്സു വരെ ഉള്ളവർക്ക് ലോൺ കൊടുക്കാം എന്നാണ് ആർ.ബി.ഐ.യുടെ നിർദ്ദേശം, പക്ഷേ ഇക്കാര്യം ഫലപ്രദമായി നടക്കുന്നില്ല എന്നത് ഖേദകരമായ ഒരു കാര്യമാണ്. അതിന്റെ ലക്ഷ്യത്തെക്കുറിച്ച് ആർ.ബി.ഐ പറഞ്ഞിരിക്കുന്ന നിർദ്ദേശം 1. പാവപ്പെട്ടവനും അത്യാവശ്യക്കാരനും അടിസ്ഥാന വിദ്യാഭ്യാസം. 2. ഉന്നത വിദ്യാഭ്യാസത്തിന് സാധാരണ എൽ.പി. സ്കൂൾ മുതൽ മുകളിലേയ്ക്ക് പഠിക്കുന്നവർക്ക് ലോൺ കൊടുക്കാം. അതുപോലെ തന്നെ ബി.എ., ബി.കോം., ബി.എസ്.സി., പി.ജി., പി.എച്ച്.ഡി., പ്രൊഫഷണൽ കോഴ്സുകൾ തുടങ്ങി എല്ലാ കോഴ്സുകൾക്കും ലോൺ കൊടുക്കാം. നമ്മുടെ നാട്ടിലുള്ള ധാരണ എൻജിനീയറിംഗിനും മെഡിസിനും മാത്രമേ ലോൺ കൊടുക്കാൻ പാടുള്ളൂ എന്നാണ്. ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ച കേരളത്തിലെ 3,439 ബാങ്കുകളിൽ നിന്നായി പതിനായിരക്കണക്കിന് ആളുകൾക്ക് ലോൺ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജില്ലാ കളക്ടർമാരുടേയും ലോൺ ആവശ്യമായവരുടേയും യോഗം വിളിച്ചു ചേർത്ത് വിദ്യാഭ്യാസം ചെയ്യാൻ ആഗ്രഹിക്കുകയും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന പാവപ്പെട്ടവരുടെ പ്രശ്നം പരിഹരിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അപേക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റ് മനസ്സിലാക്കുന്നു. പ്രത്യേകിച്ച് പ്രൊഫഷണൽ മേഖലകളിൽ ധാരാളം സ്വാശ്രയ കോളേജുകൾ ഉണ്ടായ സാഹചര്യത്തിൽ സാധാരണക്കാരുടെ കുട്ടികൾക്കുകൂടി പ്രൊഫഷണൽ വിദ്യാഭ്യാസം നടത്താൻ സാധിക്കുന്ന അന്തരീക്ഷം ഉണ്ടാകണമെങ്കിൽ ബാങ്കുകളുടെ ഉദാരമായ സഹായം ഉണ്ടാകേണ്ടതാണ്. നിയമം അനുവദിക്കുന്നുണ്ടെങ്കിലും പല ബാങ്കുകളും ഓരോ തടസ്സവാദങ്ങൾ ഉന്നയിച്ചുകൊണ്ട് കുട്ടികളുടെ ആവശ്യങ്ങൾ നിരാകരിക്കുന്നു. ഈ പ്രശ്നത്തെ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. അതിന് പരിഹാരമുണ്ടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നതിന് ചില ബാങ്ക് ബ്രാഞ്ചുകൾ സൗഹാർദ്ദപരമല്ലാത്ത നിലപാട് സ്വീകരിക്കുന്നതായി പൊതുജനങ്ങളിൽ നിന്ന് പരാതികൾ ഉയർന്നിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം അനുസരിച്ച് 30-3-2004-ൽ കൂടിയ സംസ്ഥാന തല ബാങ്കേഴ്സ് സമിതി ഈ വിഷയം ചർച്ച ചെയ്തതാണ്. സെക്യൂരിറ്റി ആവശ്യപ്പെടാതെ നാല് ലക്ഷം രൂപ വരെ ആവശ്യക്കാരായ വിദ്യാർത്ഥികൾക്ക് കാലതാമസം വരുത്താതെ വായ്പ അനുവദിക്കണമെന്നുള്ള റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം എല്ലാ ബാങ്കുകളും കർശനമായി നടപ്പാക്കണമെന്ന് ആ സമിതി തീരുമാനിച്ചതാണ്. അതിൻ പ്രകാരം ആവശ്യക്കാരായ മുഴുവൻ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിനായി വായ്പ അനുവദിക്കാമെന്ന റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം അതേപടി നടപ്പാക്കാൻ സംസ്ഥാനത്തെ എല്ലാ ബാങ്ക് മേധാവികൾക്കും ബാങ്കേഴ്സ് സമിതി കൺവീനർ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം 24-6-2004-ൽ ചേർന്ന സംസ്ഥാനതല ബാങ്കേഴ്സ് സമിതിയെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഇൻഡ്യയ്ക്ക് അകത്തുള്ള പഠനത്തിന് ഏഴര ലക്ഷം രൂപ വരേയും വിദേശ പഠനത്തിന് 15 ലക്ഷം രൂപ വരേയും വായ്പ അനുവദിക്കും. നാല് ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതിന് മാർജിൻ മണി ആവശ്യമില്ല. നാല് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് ഇൻഡ്യയ്ക്കകത്ത് പഠനത്തിന് അഞ്ച് ശതമാനവും വിദേശ പഠനത്തിന് 15 ശതമാനവും മാർജിൻ മണി ആവശ്യമാണ്. നാല് ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പ തുകയ്ക്ക് തുല്യമായ കൊളാറ്ററൽ സെക്യൂരിറ്റി ആവശ്യമാണ്. സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർ അവതരിപ്പിച്ച കണക്കുകൾ പ്രകാരം സംസ്ഥാനത്തെ ബാങ്കുകൾ 2004 മാർച്ച് മാസം വരെ ആകെ 36,640 അപേക്ഷകർക്ക് 52,648 ലക്ഷം രൂപ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇത് മുൻഗണനാ മേഖലയിൽ ഉൾപ്പെടുത്തി സംസ്ഥാനതല ബാങ്കേഴ്സ് സമിതി മോണിറ്റർ ചെയ്യുന്നുണ്ട്. ഈ പ്രശ്നം ഇപ്പോഴും ഗുരുതരമായി തുടരുന്നുവെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിൽക്കൂടി മനസ്സിലാക്കുന്നത്. ഇന്നു രാവിലെ എന്റെ സഹപ്രവർത്തകൻ ശ്രീ. ബാബു ദിവാകരനും ഈ പ്രശ്നം എന്റെ ശ്രദ്ധയിൽപെടുത്തുകയുണ്ടായി. സംസ്ഥാന ബാങ്ക് കമ്മിറ്റി ഇന്ന് കൂടുന്നുണ്ട്. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ വേണ്ടിയാണ് കൂടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിക്കാർക്ക് കടങ്ങൾ ഉദാരമായി ലഭിക്കുന്നതിനും കാർഷിക കടക്കാരുടെ പ്രയാസങ്ങൾ ലഘൂകരിക്കാനുമുള്ള കാര്യങ്ങൾ ചർച്ച ചെയ്യാനാണ് സംസ്ഥാനതല കമ്മിറ്റി കൂടുന്നത്. ഈ കമ്മിറ്റിയിൽ ഈ പ്രശ്നം ഗൗരവമായി ഉന്നയിക്കാം. കേന്ദ്ര ഗവണ്മെന്റിന്റെയും റിസർവ് ബാങ്കിന്റേയും സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടേയും തീരുമാനമുണ്ടായിട്ടും ആ തീരുമാനം അംഗീകരിക്കാതെ വിദ്യാർത്ഥികളെ കഷ്ടപ്പെടുത്തുന്ന ബാങ്കുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ഗവണ്മെന്റ് ആവശ്യപ്പെടും. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ ഗവണ്മെന്റിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകുമെന്ന് ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു.

ശ്രീ. പി. ടി. തോമസ്: അങ്ങ് നൽകിയ പോസിറ്റീവായ ഉത്തരത്തിന് പ്രത്യേകം നന്ദി പറഞ്ഞുകൊണ്ട് ചോദിക്കുകയാണ്. ഇടുക്കി ജില്ലയിൽ മാത്രം ഇങ്ങനെ ലോണിന് അപേക്ഷിച്ചവരുടെ ലിസ്റ്റ് ഞാൻ ശേഖരിക്കുകയുണ്ടായി. ഏകദേശം ആയിരത്തോളം ആളുകൾ ഇടുക്കി ജില്ലയിൽ നിന്നു മാത്രം ബാങ്കുകളെ സമീപിച്ചു. എന്നാൽ ഒന്ന് രണ്ട് ലോൺ കൊടുത്തുകൊണ്ട് ബാങ്ക് ഇത് അവസാനിപ്പിക്കുകയാണ്. അത് കൃത്യമായി നടപ്പാക്കണമെങ്കിൽ ലോണിന് അപേക്ഷിച്ച ആളുകളുടെ ലിസ്റ്റ് വച്ച് ബാങ്ക് മാനേജർമാരുടെ യോഗം കൂടണം. എങ്കിൽ മാത്രമേ R.B.I.-യുടെ നിർദ്ദേശം നടപ്പാക്കുകയുള്ളൂ. ഇപ്പോൾത്തന്നെ എല്ലാ ജില്ലകളിലും ബാങ്ക് കൺസൾട്ടിംഗ് കമ്മിറ്റിയുണ്ട്. ജില്ലാ കളക്ടർ ആണ് അതിന്റെ അദ്ധ്യക്ഷൻ. എം.എൽ.എ.-മാരൊക്കെ അതിൽ അംഗങ്ങളാണ്. ഞാൻ ആ മീറ്റിംഗിൽ സാധാരണ പോകാറുള്ളതാണ്. ആ ബാങ്കിംഗ് കൺസൾറ്റിംഗ് മീറ്റിംഗ് വിദ്യാർത്ഥികളുടെ ലോണിനുവേണ്ടി മാത്രം വിളിച്ചുചേർക്കാനും അപേക്ഷകർ ആ വിവരം ജില്ലാ കളക്ടറെ അറിയിക്കാനും നിർദ്ദേശം കൊടുത്താൽ ഈ പ്രശ്നം 75 ശതമാനമെങ്കിലും പരിഹരിക്കാൻ കഴിയും. അതിനുവേണ്ട നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എ. കെ. ആന്റണി: നേരത്തെ സൂചിപ്പിച്ചതുപോലെ ബാങ്കുകാർ തന്നിരിക്കുന്ന കണക്കനുസരിച്ച് 36,640 അപേക്ഷകർക്ക് ഇതിനകം ലോൺ കൊടുത്തിട്ടുണ്ട്. ഇപ്പോൾ ശരാശരി ഓരോ ജില്ലയിലും 2,500 അപേക്ഷകർക്കെങ്കിലും കൊടുത്തുകാണും. എവിടെയോ അപാകത സംഭവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറും എന്റെ സഹപ്രവർത്തകൻ ശ്രീ. ബാബു ദിവാകരനും പറഞ്ഞ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ഇന്നുതന്നെ ഈ പ്രശ്നം ഞാൻ ബാങ്കേഴ്സ് കമ്മിറ്റിയിൽ ചർച്ച ചെയ്യും. ഇതിന്റെ ഗൗരവം അവരെ ബോദ്ധ്യപ്പെടുത്തും. റിസർവ് ബാങ്ക് നിർദ്ദേശവും കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശവും കർശനമായി പാലിക്കണമെന്ന് ആവശ്യപ്പെടാം. അതിനു ശേഷം ജില്ലാതലത്തിലുള്ള മീറ്റിംഗുകൾ നടത്തുന്ന കാര്യവും ഗവണ്മെന്റ് ശ്രദ്ധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly